**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 71** **29-08-2022 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകൾക്ക് വരുമാനദായകമായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡ് വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്നത് സംബന്ധിച്ചും ക്ഷേത്രങ്ങളിലെ വഴിപാടുകളിൽ നിന്നും ലഭിക്കേണ്ട നിശ്ചിത ശതമാനം തുകയിൽ (സപ്ലെയർ-കോസ്റ്റ് സേവിംഗ് റിട്ടേൺ) ഇളവുകൾ വരുത്തിയതാണ് ദേവസ്വം ബോർഡിന് കോടികളുടെ വരുമാനം കുറവുണ്ടാകാൻ ഇടയായതെന്ന വാദഗതിയുടെയും നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | ഓരോ ദേവസ്വത്തിലും ഒരു ദിവസം ലഭിക്കുന്ന ആകെ സപ്ലയർ തുകയിൽ നിന്നും നിശ്ചിത ശതമാനം കണക്കാക്കി ഒരു തുക സപ്ലയർ കോസ്റ്റ് സേവിംഗ്സ് റിട്ടേണായി കുറവ് ചെയ്ത് മുതൽക്കൂട്ടിൽ ചേർത്ത് ഒടുക്കേണ്ടതാണെന്ന് തീരുമാനിച്ച് ദേവസ്വം ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിശ്ചിത ശതമാനം അധികമായി മുതൽക്കൂട്ടിൽ ചേർത്ത് ഒടുക്ക് വരുത്തുമ്പോൾ പല വഴിപാടുകളും മുമ്പുണ്ടായിരുന്ന ഗുണ നിലവാരത്തിൽ തയ്യാറാക്കുന്നതിന് സാധിക്കാതെ വരുന്നതായി ചുമതലക്കാരായ ഉദ്യോഗസ്ഥർ പല ഘട്ടങ്ങളിലും ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ചുറ്റുവിളക്ക്, കളഭാഭിഷേകം, ഉത്സവബലി, ചതുശ്ശതം, മുഴുക്കാപ്പ്, പുഷ്പാഭിഷേകം തുടങ്ങി ഒരു ദിവസം ഒരെണ്ണം മാത്രം നടത്തുന്ന വഴിപാടുകൾ സപ്ലൈയർ കോസ്റ്റ് സേവിംഗ്സ് റിട്ടേണിൽ നിന്നും ഒഴിവാക്കി ശതമാന നിരക്കിൽ ഭേദഗതി വരുത്തി ദേവസ്വം ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു രൂപ മുതൽ 500 രൂപ വരെയുള്ളതിന് 5% സപ്ലൈയർ കോസ്റ്റിൽ നിന്നും ഈടാക്കുന്നതിനും (മുൻ ഉത്തരവിൽ ഒരു രൂപ മുതൽ 500/- രൂപ വരെ സപ്ലയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ ഇല്ലായിരുന്നു) 6001 രൂപ മുതൽ 10,000 രൂപവരെ 30% ഉം 10,001/- രൂപ മുതൽ 35% ആക്കിയുമാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ ഉത്തരവ് വഴിപാടുകളുടെ ഗുണനിലവാരം ഉയർത്തുക എന്ന സദുദ്ദേശത്തോടെ പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| (ബി) | ദേവസ്വം ബോർഡുകളുടെ വക സ്ഥലസൗകര്യങ്ങളും സ്ഥാപനങ്ങളും ഉപയോഗിച്ച് ക്ഷേത്രാചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും വിഘാതം വരാത്തവിധം | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ്, ആഡിറ്റോറിയം മുതലായ |

| | | | |
|---|---|---|---|
| | വരുമാനദായകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | | കെട്ടിടങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നതിനും, പാർക്കിംഗ് ഗ്രൗണ്ടായി ഉപയോഗിക്കുന്നതിനും, തരിശു ഭൂമി കൃഷിക്കായി ദേവഹരിതം, ക്ഷേത്രത്തോട് ചേർന്ന് നക്ഷത്ര വനം പദ്ധതി കൂടാതെ വരുമാനം ലഭിക്കുന്ന പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിൽ വരുത്തുവാനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു.<br><br>മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള തരിശായികിടക്കുന്ന ഭൂമി കൃഷി, വാണിജ്യം മുതലായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തി സ്ഥായിയായ വരുമാന മാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്ക് നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലെ ഒഴിഞ്ഞു കിടക്കുന്ന ഭൂമികളിൽ ഷോപ്പിംഗ് കോംപ്ലക്സ്, കൃഷി, പാർക്കിംഗ്, വെയർഹൗസ്, വർക്ക് ഷോപ്പ്, ട്രേഡ് ഫെയർ തുടങ്ങിയ ആവശ്യങ്ങൾക്ക് അനുവദിച്ച് നൽകുന്നതിന് ബോർഡ് നടപടി സ്വീകരിച്ചുവരുന്നു.<br><br>കൂടൽമാണിക്യം ദേവസ്വം ഉടമസ്ഥതയിൽ ഇരിങ്ങാലക്കുട ഠൗണിലുള്ള സംഗമേശ്വര ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും വാടകയിനത്തിൽ വരുമാനം ലഭിക്കുന്നുണ്ട്. വഴിപാടിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വ്യാപാര സമുച്ചയങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് കൊടുക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള തെക്കേനടയിൽ ഭക്തജനങ്ങൾക്ക് ഉപകാരപ്രദമായിട്ടുള്ള കല്യാണമണ്ഡപങ്ങളും, ലോഡ്ജ് ബിൽഡിംഗും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | ബോർഡിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനും പെൻഷൻകാരുടെ ഡി.എ. വർദ്ധനവ് നടപ്പാക്കുന്നതിനുമായി അധികമായിവരുന്ന തുക കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനും പെൻഷൻകാരുടെ ഡി.എ. വർദ്ധനവ് നടപ്പാക്കുന്നതിനുമായി അധികമായി വേണ്ടി വരുന്ന തുക കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദേവസ്വം ബോർഡിന്റെ പ്രധാന വരുമാന സ്രോതസ്സ് ദേവസ്വങ്ങളിൽ നിന്നുള്ള നടവരവാണ്. ദേവസ്വം ബോർഡിന്റെ സാമ്പത്തിക |

| | | | |
|---|---|---|---|
| | | | സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്കും, സർക്കാരിൽ നിന്നുള്ള സഹായം ലഭ്യമാക്കിയും ശമ്പള പരിഷ്കരണത്തിനും, ഡി.എ വർദ്ധനവിനുമുള്ള അധിക തുക കണ്ടെത്തി നടപ്പിൽ വരുത്താവുന്നതാണ്.<br><br>മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം അതാത് ക്ഷേത്ര ഫണ്ടിൽ നിന്നുമാണ് വഹിക്കേണ്ടത്. എന്നാൽ വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിൽ ജീവനക്കാരുടെ ശമ്പളം നൽയകുന്നതിനായി തികായാതെ വരുന്ന തുക നിശ്ചിത മാനദണ്ഡങ്ങൾക്ക് വിധേയമായി ബോർഡിൽ നിന്നും അനുവദിച്ചുവരുന്നുണ്ട്. ക്ഷേത്ര ജീവനക്കാരുടെ 01/01/2019 പ്രാബല്യത്തിൽ ശമ്പളം പരിഷ്കരിച്ചുകൊണ്ടുള്ള ഉത്തരവിൽ വന്നിട്ടുള്ള അനോമലികൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>കൊച്ചിൻ ദേവസ്വം ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ വഴിപാട് ബുക്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഓൺലൈൻ ബുക്കിംഗ് വഴി പ്രസാദം വീട്ടുകളിലേക്ക് എത്തിച്ചു കൊടുക്കുന്ന നടപടി ആരംഭിച്ചു. ബോർഡിന് കീഴിലുള്ള ഒഴിഞ്ഞു കിടക്കുന്ന ഭൂമികൾ നിശ്ചിത തുകയ്ക്ക് ക്ഷേതാചാരങ്ങൾക്കും, അനുഷ്ഠാനങ്ങൾക്കും വിഘാതം വരാത്ത വിധം വിവിധ ആവശ്യങ്ങൾക്ക് അനുവദിച്ചുവരുന്നുണ്ട്.<br><br>കൂടൽമാണിക്യം ദേവസ്വം വഴിപാടിതര വരുമാനം വർദ്ധിപ്പിച്ച് അധിക തുക കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ വിവിധ ദേവസ്വം ബോർഡുകൾക്കായി എത്ര തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രളയം, കോവിഡ് മഹാമാരി, മുതലായവ മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി കഴിഞ്ഞ സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് 120 കോടി രൂപയും കൊച്ചിൻ ദേവസ്വം ബോർഡിന് 25 കോടി രൂപയും മലബാർ ദേവസ്വം ബോർഡിന് 20 കോടി രൂപയും കൂടൽമാണിക്യം ദേവസ്വത്തിന് 15 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 165 കോടി 15 ലക്ഷം രൂപ വിവിധ ദേവസ്വം ബോർഡുകൾക്കായി അനുവദിച്ചിരുന്നു. ആയതിന്റെ തുടർച്ചയായി **ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം** തിരുവിതാംകൂർ ദേവസ്വം ബോർഡിന് 28/07/2021 ലെ GO(Rt) No.2474/2021/Rev പ്രകാരം 10 കോടി രൂപയും, 20/11/2021-ലെ GO(Rt) No.4010/2021/Rev നമ്പർ ഉത്തരവ് പ്രകാരം 10 |

| | | | |
|---|---|---|---|
| | | | കോടി രൂപയും ചേർത്ത് ആകെ 20 കോടി രൂപയും മലബാർ ദേവസ്വം ബോർഡിന് 2021-2022, 2022-2023 സാമ്പത്തിക വർഷം (31/07/2022 വരെ) ഗ്രാന്റ്-ഇൻ-എയ്ഡായി ആകെ 44,32,58,260/- രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ